പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 26/06/2014 -ൽ മറുപടിക്ക്

നമ്പർ: 4543

**ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്ന പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ;<br>'' ഡൊമിനിക് പ്രസന്റേഷൻ;<br>'' കെ. മുരളീധരൻ;<br>'' വർക്കല കഹാർ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാര പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br>നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞു നോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഇതിനായി ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞു നോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണക്കൂടുതലും സമയപരിധിക്കുള്ളിൽ സേവനം നൽകുന്നതിന് തടസ്സമാകുന്നു.<br>ഈ കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്തു ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡേറ്റായുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നൽകാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. |

ബി) ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ ;

ബി) ആധാരങ്ങൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതോടെ ആധാരപ്പകർപ്പുകൾ ഉടനടി നൽകുന്നതിനുള്ള സൗകര്യമുണ്ടാകുന്നതാണ്. കൂടാതെ ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തുന്നതോടെ ഡിജിറ്റൽ ഒപ്പോടുകൂടിയ ആധാര പകർപ്പുകൾ ഓൺലൈനായിത്തന്നെ നൽകുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

ഈ സംവിധാനം നടപ്പിൽ വരുമ്പോൾ അക്ഷയ കേന്ദ്രങ്ങൾ വഴിയോ ജനസേവനകേന്ദ്രങ്ങൾ വഴിയോ പൊതുജനങ്ങൾക്ക് പകർപ്പുകൾ ലഭ്യമാക്കാൻ കഴിയുന്നതാണ്.

സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്കുവേണ്ടി സഹകരിക്കുന്നത് ;

സി) സി-ഡിറ്റിന്റെ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഡി) പ്രസ്തുത പദ്ധതി എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്.

ഡി) കൊട്ടാരക്കര (അഡീഷണൽ), നേമം, ചാല, പട്ടം, ശാസ്തമംഗലം, തിരുവല്ലം, തിരുവനന്തപുരം (പ്രിൻസിപ്പൽ) എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്ററർ വാല്യങ്ങളുടെ സ്കാനിംഗ് നടപടി ഭാഗികമായി പൂർത്തിയായിട്ടുണ്ട്. സ്കാൻ ചെയ്ത ആധാര പകർപ്പുകൾ ഉപയോഗിച്ച് സാക്ഷ്യപ്പെടുത്തിയ പകർപ്പ് നൽകുന്ന പദ്ധതി നേമം, ചാല, പട്ടം, തിരുവനന്തപുരം എന്നീ സബ് രജിസ്ട്രാർ ഓഫീസുകളിൽ ഈ സാമ്പത്തികവർഷം തന്നെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇ) പ്രസ്തുത പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഇ) ഈ പദ്ധതി സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.